# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 07/2017

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്ത് പട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ,

2017 ജൂലൈ മാസം 13-ാം തീയതി കൂടിയ ഭദ്രാസനവാർഷിക പൊതുയോഗം 2017-2022 കാലഘട്ടത്തിലേക്കുള്ള ഭദ്രാസന വികസനസമിതിയെ രൂപീകരിക്കുവാൻ തീരുമാനിച്ച വിവരം നമ്മുടെ C. No. 6/2017 കല്പനയിലൂടെ അറിയിച്ചിരുന്നുവല്ലോ? അതിൻപ്രകാരം ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, ഭദ്രാസനകൗൺസിൽ അംഗങ്ങൾ എന്നിവരെ കൂടാതെ താഴെ പറയുന്ന 5 അംഗങ്ങളെ നിയമിച്ചിരിക്കുന്നു.

1. Rev. Fr. Varghese P. Idichandy
2. Capt. Behanan Chacko - Mar Yuhanon Mamdana Orthodox Church, K.R. Puram
3. Mr. Varghese Jacob - St. Gregorios Orthodox Cathedral, Hosur Road
4. Mr. Santosh G. Daniel - St. Mary's Orthodox Valiyapally, Jalahalli
5. Mr. Ajith Mathew George - St. George Orthodox Pilgrim Centre, Indira Nagar

കഴിഞ്ഞ കാലയളവിൽ ഭദ്രാസന വികസനസമിതിയിൽ പ്രവർത്തിച്ച എല്ലാ അംഗങ്ങളോടുമുള്ള ഭദ്രാസനത്തിന്റെ കൃതജ്ഞത അറിയിക്കുന്നതോടൊപ്പം പുതിയ ഭാരവാഹികൾ ഭദ്രാസനവികസനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ദൈവംതമ്പുരാൻ സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

വീണ്ടും പ്രിയരെ,

സെപ്റ്റംബർ മാസം 14-ാം തീയതി മുതൽ ദിവ്യബോധനം ഭദ്രാസന വൈസ് പ്രസിഡന്റായും ബാംഗ്ലൂർ റീജിയൻ വൈസ് പ്രസിഡന്റായും നമ്മുടെ കോശി തോമസ് കത്തനാരെയും, OCYM & MGOCSM ഭദ്രാസന വൈസ് പ്രസിഡന്റായും ബാംഗ്ലൂർ റീജിയൻ വൈസ് പ്രസിഡന്റായും നമ്മുടെ ജോ മാത്യു കത്തനാരെയും, യംഗ് കപ്പിൾ (Young Couple) ഫോറം ഭദ്രാസന വൈസ് പ്രസിഡന്റായും ബാംഗ്ലൂർ റീജിയൻ വൈസ് പ്രസിഡന്റായും നമ്മുടെ ബിനോയി ജോഷ കത്തനാരെയും നാം നിയമിച്ചിരിക്കുന്നു.

കഴിഞ്ഞ കാലയളവിൽ ഈ ആത്മീയ പ്രസ്ഥാനങ്ങളെ നയിച്ച സന്തോഷ് സാമുവേൽ കെ. കത്തനാർ, ജോ മാത്യു കത്തനാർ, ബിജോയ് സഖറിയ കത്തനാർ എന്നിവരോടുള്ള നന്ദി നാം രേഖപ്പെടുത്തുകയും പുതിയ ഭാരവാഹികൾക്ക് എല്ലാ ആശംസകളും നേരുകയും ചെയ്യുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2017 ആഗസ്റ്റ് മാസം 27-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും